പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2535 05/02/2018 ൽ മറുപടിക്ക്

## കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ഫണ്ട്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. മുരളീധരൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| | | (എ) യും (ബി) ഉം |
| (എ) | ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ എത്ര രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്; | 2016 – 17 ൽ കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾക്ക് 90,16,153/- രൂപ (തൊണ്ണൂറ് ലക്ഷത്തി പതിനാറായിരത്തി ഒരുനൂറ്റി അമ്പത്തി മൂന്ന് രൂപ) അനുവദിച്ചിട്ടുണ്ട്. 2017 -18 ൽ തിരുവനന്തപുരത്തെ പത്മനാഭസ്വാമി ക്ഷേത്രത്തിലെ മിത്രാനന്ദപുരം കുളത്തിന്റെ നവീകരണത്തിനായി 1 കോടി രൂപ സുപ്രീ കോടതി വിധി യുടെ അടിസ്ഥാനത്തിൽ നൽകിയിട്ടുണ്ട്. തിരുവിതാംകൂർ ദേവസ്വത്തിന്റെയും മലബാർ ദേവസ്വം ബോർഡിന്റെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള ക്ഷേത്രങ്ങളിലെ കാവുകൾക്കും കുളങ്ങൾക്കും 2016 -17 ലും 2017- 18 ലും തുക യൊന്നും അനുവദിച്ച നൽകിട്ടില്ല. |
| (ബി) | തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളുടെ അധീനതയിൽ വരുന്ന ക്ഷേത്രങ്ങളോടും സ്വകാര്യക്ഷേത്രങ്ങളോടും ചേർന്നുള്ള കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ